I ഇ.ബി. XIV - കേരള നിയമസഭ /IX-11

**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ഫെബ്രുവരി 07, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

<u>ലൈഫ് പദ്ധതിയിലെ പാളിച്ചകൾ</u>

<u>മി. സ്പീക്കർ</u>: സംസ്ഥാന സർക്കാരിന്റെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തതയും സങ്കീർണ്ണമായ നടപടിക്രമങ്ങളും നടത്തിപ്പിലെ പാളിച്ചകളും മൂലം ഭവനരഹിതരായ ആളുകൾക്ക് വീട് വയ്ക്കുന്നതിനുള്ള ഒന്നാം ഗഡു നൽകാനോ ജില്ലകളിലെ ലിസ്റ്റ് അന്തിമമായി അംഗീകരിക്കാനോ

കഴിയാത്ത ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, വി. പി. സജീന്ദ്രൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വീട് നിർമ്മിച്ചു നൽകുന്നതിന് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ പദ്ധതികളിലൂടെ ലഭിച്ച വീട് വിറ്റതിനാൽ ഇപ്പോഴും ഭവനരഹിതരായി കഴിയുന്നവരുടെയും ചില പ്രത്യേക സാഹചര്യങ്ങളാൽ വീട് നിർമ്മാണം ഇടയ്ക്കുവച്ച് നിലച്ചുപോയവരുടെയും സ്ഥിതി കണക്കിലെടുത്ത് സ്വന്തമായി വീടില്ലാത്ത മുഴുവൻ ആളുകൾക്കും മാനദണ്ഡങ്ങൾക്കു വിധേയമായി വീട് നിർമ്മിച്ചു നൽകുന്നതിന് ലൈഫ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ സർക്കാർ-പൊതുമേഖല-അർദ്ധ സർക്കാർ ജീവനക്കാരെയും പെൻഷൻകാരെയും നാലുചക്ര വാഹനമുള്ളവരെയും ഒഴിവാക്കാനും സ്വന്തമായി വീടില്ലാത്തവരെയും കുടുംബപരമായി ഭവനം കൈമാറിക്കിട്ടാൻ സാദ്ധ്യതയില്ലാത്തവരെയും ഗ്രാമീണമേഖലയിൽ സ്വന്തമായി 25 സെന്റ് ഭൂമിയും നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റ് ഭൂമിയുമുള്ളവരെയും മൂന്ന് ലക്ഷം രൂപയിൽ താഴെ കുടുംബവരുമാനവും സ്വന്തമായി റേഷൻ കാർഡുള്ള വീടില്ലാത്തവരെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്വന്തമായി റേഷൻ കാർഡില്ലെന്ന

കാരണത്താൽ അർഹതപ്പെട്ട ആനുകൂല്യം നിഷേധിക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് റേഷൻ കാർഡ് നൽകാനും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന അന്തിമ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ-വാർഡ് സഭകൾ അംഗീകരിക്കുകയാണ് ചെയ്യുന്നത്. വീഴ്ച വരുത്തിയ തദ്ദേശ ഭരണസ്ഥാപനങ്ങളോട് എത്രയും പെട്ടെന്ന് ലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വകുപ്പുതല നിർദ്ദേശം നൽകിയിട്ടുണ്ട്. ഭവനരഹിതരായ ഗുണഭോക്താക്കളുടെ 66750 വീടുകളിൽ എസ്.ടി. വിഭാഗത്തിൽപ്പെട്ട 18000-ഓളം വീടുകൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ലിസ്റ്റിലുൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് വീട് ഒന്നിന് നാല് ലക്ഷം രൂപ അനുവദിച്ചുകൊണ്ട് 2018-19 ഓടുകൂടി മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. അർഹതയുള്ള ഗുണഭോക്താക്കൾ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നുള്ള പരാതി പരിശോധിക്കുന്നതാണ്. പി.എം.എ.വൈ. പദ്ധതിയിലൂടെ നഗര-ഗ്രാമ പ്രദേശങ്ങളിലായി 77953 വീടുകൾ നിർമ്മിക്കുന്നതിന് ഈ വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനായി രണ്ടര ലക്ഷം രൂപ വീതം നൽകുന്നതും ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നിന്നോ

വായ്പയായോ കണ്ടെത്തേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നതിനായി പ്രത്യേക ഫിനാൻസ് കമ്പനിക്ക് രൂപം നൽകുന്നതാണ്. ഭവന രഹിതർക്കായി ലൈഫ് മിഷനിലൂടെ പാർപ്പിട സമുച്ചയങ്ങൾ വിഭാവനം ചെയ്യുന്നതോടൊപ്പം ഉപജീവന സുരക്ഷ ലക്ഷ്യമിട്ടുകൊണ്ടുള്ള സമഗ്ര സുരക്ഷാ പദ്ധതിക്ക് രൂപം നൽകുന്നതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്. ഭൂമിയുടെ ലഭ്യതക്കുറവും ജനസംഖ്യാ വർദ്ധനവും തടസ്സമായി നിൽക്കുന്നതിനാൽ ലൈഫ് മിഷൻ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ഭൂമി ദാനമായി നൽകാൻ താൽപ്പര്യമുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും കണ്ടെത്തി അവരിൽ നിന്നും ലൈഫ് പദ്ധതിയിലേയ്ക്ക് ഭൂമി ലഭ്യമാക്കാൻ നിയമസഭാംഗങ്ങൾ ഒന്നടങ്കം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: ലൈഫ് പദ്ധതി ആരംഭിക്കാത്തതിനാൽ രണ്ടു വർഷമായി കേരളത്തിലെ സാധാരണക്കാരുടെ വീടെന്ന സ്വപ്നം യാഥാർത്ഥ്യമായിട്ടില്ല. മുൻ കാലങ്ങളിൽ ഗ്രാമസഭ കൂടി അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തി പഞ്ചായത്തുകളുടെ സേവന മേഖലയ്ക്കുള്ള ഫണ്ടിൽ നിന്ന് വീട് നിർമ്മിച്ച് നൽകുന്ന രീതിയാണുണ്ടായിരുന്നത്. 2016-17 വാർഷിക

പദ്ധതിക്കുള്ള മാർഗ്ഗരേഖയുടെ ഭാഗമായി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സ്വന്തമായി ഭവന നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലെന്നും ലൈഫ് ഭവന പദ്ധതിയുടെ വ്യക്തമായ നിർദ്ദേശങ്ങൾ വരുന്നതുവരെ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് മാത്രം ഫണ്ട് നീക്കി വച്ചാൽ മതിയെന്നും സർക്കാർ ഉത്തരവിറക്കിയതിനാലാണ് രണ്ടു വർഷമായിട്ടും ഒരാൾക്കുപോലും വീട് അനുവദിക്കാൻ കഴിയാത്തത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാൾക്കുപോലും ഇക്കാലയളവിൽ വീട് നിർമ്മിച്ചു നൽകാൻ സാധിച്ചിട്ടില്ല. കുടുംബശ്രീ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ജില്ലാ കളക്ടർക്ക് കൈമാറണമെന്ന് പറയുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളുടെ അധികാരങ്ങൾ കവർന്നെടുക്കപ്പെടുകയും അനർഹരായവർ ലിസ്റ്റിൽ കടന്നുകൂടാനിടയാകുകയും ചെയ്യുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സോഫ്റ്റ് വെയറിന്റെ അപാകതകൾ പരിഹരിക്കുകയും സാധാരണക്കാരായ ജനങ്ങൾക്ക് വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പഞ്ചായത്തുകൾക്ക് നൽകിയിരിക്കുന്ന കർശന നിർദ്ദേശങ്ങൾ പുനഃപരിശോധിക്കുകയും വേണം. കേരളത്തിലെ ഭവന രഹിതർക്ക് വീട് ലഭ്യമാക്കാൻ ആവിഷ്ക്കരിച്ച ലൈഫ് മിഷൻ പദ്ധതി അട്ടിമറിച്ച സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുടുംബശ്രീ മുഖേന സർവ്വേയിലൂടെ അർഹതയുള്ളവരെ കണ്ടെത്തുകയും അവർക്കെല്ലാം വീട് ലഭ്യമാക്കുകയും ചെയ്യുന്നതാണ്. അന്തിമ അംഗീകാരത്തിനായി ഗ്രാമസഭയിലെത്തുന്ന ലിസ്റ്റിൽ അപാകതകളുണ്ടെങ്കിൽ വാർഡ് അംഗത്തിനും പഞ്ചായത്തിനും ഗ്രാമസഭയ്ക്കും ഇടപെടാവുന്നതും തിരുത്തലുകൾ വരുത്താവുന്നതും അർഹതയുള്ളവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ പരാതിപ്പെടാവുന്നതുമാണ്. പൊതു ഫണ്ടുപയോഗിച്ച് വീടുകൾ നിർമ്മിക്കുമ്പോൾ ടെക്നിക്കൽ മേൽനോട്ടത്തിന് സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിലൂടെ വീഴ്ചകൾ ഒഴിവാക്കാൻ സാധിക്കും. ഏതെങ്കിലും തരത്തിലുള്ള സഹായം നൽകാൻ തയ്യാറായി ആരെങ്കിലും മുന്നോട്ടുവന്നാൽ അത് തള്ളിക്കളയുകയില്ല. പദ്ധതി അംഗീകരിച്ചതിനുശേഷം ഒരു പഞ്ചായത്തിൽ എത്ര വീടുകളാണ് വേണ്ടതെന്ന് തീരുമാനിച്ച് അതിനനുസൃതമായ വീടുകളാണ് അവിടെ നിർമ്മിക്കുന്നത്. ഈ മാർച്ച് മാസത്തിനുള്ളിൽ പണി തീരാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിനാവശ്യമായ ഫണ്ടുമുണ്ട്. വീട് പൂർത്തിയാക്കാൻ നാലുലക്ഷം രൂപയ്ക്ക് പുറമെയുള്ള പണം കണ്ടെത്തുന്നതിന് നാട്ടുകാരും തദ്ദേശഭരണ സ്ഥാപനങ്ങളും മുൻകയ്യെടുക്കണം. ഈ ഭവനനിർമ്മാണ പദ്ധതി

നടപ്പിലാക്കുന്നതിൽ യാതൊരുവിധ സങ്കീർണ്ണതകളും ഇല്ല. പ്രായോഗികമായ ചില പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ വ്യക്തതയുണ്ടാകുന്നതിനാണ് ഉത്തരവുകൾ ഇറക്കുന്നത്. വീടും സ്ഥലവും ഇല്ലാത്തവരെയും സ്ഥലമുണ്ടെങ്കിലും വീടില്ലാത്തവരെയും ഇതിലുൾപ്പെടുത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. പദ്ധതി നടപ്പിലാക്കാൻ പണം നൽകുന്നതിന് വിവിധ ഏജൻസികൾ തയ്യാറായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന പണമാണ് ഇതിനുപയോഗിക്കുന്നത്. അതുവരെയുള്ള പലിശ സർക്കാർ കൊടുക്കും. ഇരട്ടവീടുകൾ ഒറ്റവീടാക്കുന്ന പദ്ധതിയും ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ലൈഫ് പദ്ധതിക്കുള്ള ഫണ്ട് മൊത്തമായി കണ്ടെത്തുന്നതിനാണ് ഫിനാൻസ് കമ്പനിയിൽനിന്നും വായ്പയെടുക്കുന്നത്. ഈ സംരംഭത്തിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ് വഴിയും ഐ.എ.വൈ. പദ്ധതി വഴിയും 59,909 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 12,000 വീടുകളുടെ പണി നടന്നുവരികയുമാണ്. സർക്കാരിന്റെ

കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീടും സ്ഥലവും നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ലൈഫ് പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് പട്ടികജാതി വിഭാഗത്തിന് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് പരിധിയില്ലാതെയും തുക അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. ബി. സത്യൻ: കേരള വാട്ടർ അതോറിറ്റിയിൽ ദീർഘകാലമായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന എച്ച്.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും നിയമ പരിരക്ഷ നൽകി മിനിമം വേതനം

ഉറപ്പാക്കുന്നതിനും ഇ.എസ്.ഐ., ഇ.പി.എഫ്. ഉൾപ്പെടെ അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തി കരാർ തൊഴിലാളികളെ പിരിച്ചുവിടുന്ന സാഹചര്യം ഒഴിവാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): വാട്ടർ അതോറിറ്റി രൂപീകരിച്ച സമയത്തുണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും നിലവിലുള്ളത്. പുതിയ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് പമ്പ് ഓപ്പറേറ്റർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ കുറവുള്ളതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയോ കരാർ അടിസ്ഥാനത്തിലോ നിയമനങ്ങൾ നടത്താറുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയോ നിയമനം നടത്തുമ്പോൾ കരാറുകാർ ഒഴിഞ്ഞുപോകേണ്ട സാഹചര്യം വരുമെങ്കിലും പുതിയ പദ്ധതികൾ വരുമ്പോൾ കരാറുകാരെ ഒഴിവാക്കാതിരിക്കാൻ പരമാവധി ശ്രമിക്കാറുണ്ട്. വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ കരാറുകാരുടെ വേതനം വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. അനിൽ അക്കര: പൂർത്തിയാകാത്ത പദ്ധതികളുടെ ഫണ്ട്

തിരിച്ചെടുത്തതിനാലും വിനോദനികുതിയുടെ സർക്കാർ വിഹിതം ലഭിക്കാത്തതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടിവരുന്നുണ്ട്. പട്ടികജാതി മേഖലയിലേതുൾപ്പെടെയുള്ള സ്പിൽ ഓവർ പദ്ധതികൾക്ക് അടിയന്തരമായി തുക അനുവദിക്കണം. പഞ്ചായത്തുകളുടെ ആസ്തിക്ക് ആനുപാതികമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും മറ്റ് ചെലവുകൾ പഞ്ചായത്തിന്റേതാക്കി മാറ്റുകയും ചെയ്തുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്ലാൻ ഫണ്ട് എക്സ്പെൻഡിച്ചറുമായി ബന്ധപ്പെട്ട പെൻഡിംഗ് ബില്ലുകളുടെ കാര്യം പരിശോധിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): പൂർത്തിയാകാത്ത പദ്ധതികളുടെ ഫണ്ട് സർക്കാർ തിരിച്ചെടുത്തിട്ടില്ല. കുടിശ്ശിക ബില്ലുകൾ കൊടുത്തുകഴിഞ്ഞു. കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് ഇനത്തിൽ 350 കോടി രൂപ അധിക ധനാനുമതിയോടുകൂടി നൽകിയിട്ടുണ്ട്. ഈ വർഷത്തെ പദ്ധതി തുകയിൽനിന്ന് ചെലവഴിക്കാമെന്നതുകൊണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾക്ക് സ്തംഭനം ഉണ്ടാകില്ല. ഈ വർഷത്തെ പദ്ധതി പ്രവർത്തനത്തിന്റെ പണം മുഴുവൻ ഉപയോഗിച്ചുകഴിഞ്ഞാൽ മാത്രമെ അധിക ധനാനുമതിയുടെ ആവശ്യം വരുന്നുള്ളൂ. മെറ്റീരിയൽസിന്റെ വിലയിൽനിന്ന് ജി.എസ്.ടി. ഒഴിവാക്കി എസ്റ്റിമേറ്റ്

തയ്യാറാക്കേണ്ടതാണ്. സ്പിൽ ഓവറായി ഒരു പ്രോജക്ടും മാറ്റിവയ്ക്കുന്നില്ല. എല്ലാ പദ്ധതികളിലും ക്യാരി ഓവർ അനുവദിക്കുന്നുണ്ട്. ചെലവഴിക്കുന്ന മുറയ്ക്ക് കൂടുതൽ പണം ലഭ്യമാക്കുന്നതാണ്. അടാട്ട് ഗ്രാമപഞ്ചായത്തിലെ പ്ലാൻ ഫണ്ട് എക്സ്പെൻഡിച്ചറുമായി ബന്ധപ്പെട്ട് കുടിശ്ശികയുള്ള ബില്ലുകളുടെ കാര്യം പരിശോധിക്കുന്നതാണ്.

**III സബ്മിഷൻ**

**(1) അക്ഷയ കേന്ദ്രങ്ങൾ**

ശ്രീ. കെ. ആൻസലൻ: കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിലവിൽ 2654 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഒരു ഗ്രാമപഞ്ചായത്തിൽ 4-ഉം മുനിസിപ്പാലിറ്റിയിൽ 6-ഉം കോർപ്പറേഷനുകളിൽ ജനസാന്ദ്രത അടിസ്ഥാനമാക്കിയും കോർപ്പറേഷൻ ആവശ്യപ്പെടുന്നതനുസരിച്ചും അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് 2 കിലോമീറ്റർ അകലമുണ്ടായിരിക്കണം. അക്ഷയ കേന്ദ്രം അനിവാര്യമാണെന്ന തദ്ദേശസ്വയംഭരണ സ്ഥാപന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ പ്രകാരമാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. പുതിയ

പ്രദേശങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(2) വളർത്തുനായ്ക്കളുടെ കടിയേറ്റ് വീട്ടമ്മ മരിച്ച സംഭവം

ശ്രീ. സി. കെ. ശശീന്ദ്രൻ: വളർത്തുനായ്ക്കളുടെ കടിയേറ്റ് മരിച്ച രാജമ്മയുടെ കുടുംബാംഗങ്ങൾക്ക് സഹായം നൽകുന്നതിനും ഇത്തരം നായ്ക്കളെ വളർത്തുന്നത് നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണം നടത്താനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വയനാട് വൈത്തിരി ചാരിറ്റി അംബേദ്കർ കോളനിയിൽ രാജമ്മ, 05-02-2018-ന് രാവിലെ കാരിക്കൽ ജോസ് എന്നയാളുടെ വളർത്തുനായ്ക്കളുടെ ആക്രമണത്തിനിരയായി കൊല്ലപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് നായ്ക്കളുടെ ഉടമസ്ഥനെതിരെ മനഃപൂർവ്വമല്ലാത്ത നരഹത്യയ്ക്ക് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഒളിവിൽ പോയ നായയുടെ ഉടമസ്ഥനെ കണ്ടെത്താൻ അന്വേഷണം നടത്തിവരുന്നു. വളർത്തുനായ്ക്കൾക്ക് നിയമപ്രകാരമുള്ള ലൈസൻസ് ഇല്ലെന്നും നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ലെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കേസിൽ നരഹത്യയ്ക്കുള്ള വകുപ്പുകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നായ്ക്കളെ പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ വിശദമായ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. രാജമ്മയുടെ കുടുംബത്തിന് അടിയന്തര ധനസഹായമായി ജില്ലാ കളക്ടർ 5000 രൂപ അനുവദിച്ചതിനുപുറമേ 5 ലക്ഷം രൂപ കൂടി അനുവദിക്കുന്ന

കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. നായ്ക്കളെ വളർത്താനുള്ള ലൈസൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും എടുത്താൽപോലും നിലവിലുള്ള വ്യവസ്ഥപ്രകാരം പിഴ മാത്രമാണ് ഈടാക്കുന്നത്. ഇത്തരം നായ്ക്കളെ വളർത്തുന്നത് തടയുന്നതിന് സമഗ്രമായ നിയമനിർമ്മാണ സാധ്യതയെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (3) കയർ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. വി. ജോയി: കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കയർ മേഖലയിൽ നൂതന സാങ്കേതികവിദ്യ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഉല്പാദനം കുറവായതുമൂലം കയർ തൊഴിലാളികൾക്ക് മതിയായ ശമ്പളം ലഭിക്കാത്തത് പരിഗണിച്ച് കഴിഞ്ഞ വർഷം മുതൽ മാനേജീരിയൽ സബ്സിഡിയായി മാസംതോറും 5000 രൂപ വീതം നൽകിവരുന്നുണ്ട്. ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് തുക വകയിരുത്തുമെന്ന് ബഡ്ജറ്റിൽ പരാമർശിച്ചിട്ടുണ്ട്. 50,000 രൂപ വീതം സഹകരണ പെൻഷൻ ഫണ്ടിൽ

നിക്ഷേപിച്ചുകൊണ്ട് ജീവനക്കാർക്ക് ന്യായമായ പെൻഷൻ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) ഏറ്റുമാനൂർ താലൂക്ക് രൂപീകരണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഏറ്റുമാനൂർ കേന്ദ്രീകരിച്ച് പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനങ്ങളുടെ സൗകര്യവും പരിഗണിച്ച് കോട്ടയം, വൈക്കം, മീനച്ചിൽ താലൂക്കുകളിൽപ്പെട്ട പതിനൊന്ന് വില്ലേജുകളെ ഉൾപ്പെടുത്തി ഏറ്റുമാനൂർ താലൂക്ക് രൂപീകരിക്കണമെന്ന കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(5) പട്ടയ വിതരണം

ശ്രീ. എസ്. രാജേന്ദ്രൻ: ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിൽപ്പെടുന്ന കുട്ടിയാർവാലിയിലെ തോട്ടം തൊഴിലാളികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട കുട്ടിയാർവാലിയിൽ തെരഞ്ഞെടുക്കപ്പെട്ട ഉപഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ 10 സെന്റ് വീതവും രണ്ടാം ഘട്ടത്തിൽ 5 സെന്റ് വീതവും ഭൂമി അനുവദിക്കുകയും ഒന്നും രണ്ടും ഘട്ടങ്ങളിൽ യഥാക്രമം 695-ഉം 1185-ഉം പേർക്ക് പട്ടയം നൽകുകയും ചെയ്തിരുന്നു. പദ്ധതിയിൽ അനർഹർ കടന്നുകൂടിയെന്നുള്ള ആക്ഷേപത്തെ തുടർന്ന് ഭൂമി പതിച്ചുകിട്ടിയ കക്ഷികളുടെ വിശദ വിവരങ്ങൾ അന്വേഷിക്കുന്നതിനും ഭൂമി കൈവശപ്പെടുത്തിയത് യഥാർത്ഥ കക്ഷികൾ തന്നെയാണോയെന്നും പട്ടയത്തിലെ നിബന്ധനകൾ ലംഘിച്ചിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണത്തിൽ പട്ടയ സ്ഥലങ്ങൾ അനധികൃതമായി വിൽപ്പന നടത്തിയതായും നിരവധി കയ്യേറ്റങ്ങൾ നടന്നുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (6) കോതമംഗലത്തെ റീസർവ്വേ നടപടികൾ

ശ്രീ. ആന്റണി ജോൺ: കോതമംഗലം താലൂക്കിലെ റീസർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് പട്ടയം വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): എറണാകുളം ജില്ലയിൽ ആകെയുള്ള 127 വില്ലേജുകളിൽ 74 വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തിയാക്കി റെക്കോഡുകൾ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിന്റെ റീസർവ്വേ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ഏജൻസികൾ മുഖേന സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. റീസർവ്വേ പൂർത്തിയാക്കുന്ന മുറയ്ക്ക് പട്ടയ പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

(7) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ

ശ്രീ. കെ. ബാബു: നെന്മാറയിലെ ഡാമുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി മംഗലം, ചുള്ളിയാർ ഡാമുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുള്ള പഠനം നടന്നുവരികയാണ്. നെന്മാറ നിയോജക

മണ്ഡലത്തിലെ പോത്തുണ്ടി ഡാമിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും ഊറ്റിയെടുക്കുന്നത് പ്രായോഗികമല്ലെന്നാണ് പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ പഠന സംഘം അറിയിച്ചിട്ടുള്ളത്. മീൻകര ഡാമിന്റെ സ്വാഭാവിക ജലസ്രോതസ്സുകളിൽ നീരൊഴുക്ക് കുറഞ്ഞുവരുന്നത് ഡാമിന്റെ ജലസംഭരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ പൂർണ്ണ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മഴയുടെ അളവിലുണ്ടായ കുറവുമൂലം ചുള്ളിയാർ ഡാം പൂർണ്ണ സംഭരണശേഷിയിൽ എത്തിയിട്ടില്ല. ഡാമിൽ അടഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി പുനഃസ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം സീതാർക്കുണ്ട് വെള്ളച്ചാട്ടത്തിൽ നിന്നുള്ള ജലം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളും പഠനവിധേയമാക്കിയിട്ടുണ്ട്.

## (8) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

ശ്രീ. ജി.എസ്. ജയലാൽ: നിലവിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കിയും ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചും ജലവിഭവ വകുപ്പിനെ സുസജ്ജമാക്കി വരൾച്ച നേരിടാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി തോമസ്): സംസ്ഥാനത്തെ വരൾച്ച

നേരിടാൻ ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി അവലോകനം നടത്തി മുൻകരുതൽ എന്ന നിലയിൽ വിവിധ തീരുമാനങ്ങളെടുത്തിട്ടുണ്ട്. താല്ക്കാലിക ജീവനക്കാർക്ക് ഫാക്ടറീസ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. കരാറുകാർ പണി ഉപേക്ഷിച്ചുപോയ ചാത്തന്നൂർ-മീനാട് പദ്ധതിയുടെ ശേഷിക്കുന്ന പണികൾക്കായി റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ ഉറപ്പിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ഏകദേശം ഒരു വർഷത്തോളം വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്.

(9) <u>ബേപ്പൂർ തുറമുഖ വികസനം</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: ബേപ്പൂർ തുറമുഖം നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u>: ബേപ്പൂർ തുറമുഖത്ത് അടിഞ്ഞുകൂടിയ മണ്ണും മറ്റും നീക്കം ചെയ്യുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. തുറമുഖത്തിന്റെ ആഴം 6 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനായി പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കാൻ കിറ്റ്കോയെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിവഴിയുള്ള ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടഗ്ഗ്, പോർട്ട് ലിഫ്റ്റ് എന്നിവ വാങ്ങുന്നതിനും ISPS code നടപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ ഗേറ്റ് ഹൗസ്

നിർമ്മിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. 200 മീറ്റർ നീളമുള്ള പുതിയ വാർഫ് നിർമ്മിക്കുന്നതിനും പാസഞ്ചർ ടെർമിനൽ പുതുക്കി പണിയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലവിതരണവും ടോയ്ലെറ്റ് സൗകര്യവും മെച്ചപ്പെടുത്തുന്നതിനും തുറമുഖത്തിന്റെ സമഗ്രവികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(10) <u>പുളിക്കൽ സബ് ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. ടി.വി. ഇബ്രാഹിം:</u> കൊണ്ടോട്ടി സബ് ട്രഷറി വിഭജിച്ച് പുളിക്കൽ ആസ്ഥാനമായി സബ്ട്രഷറി രൂപീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി.എം. തോമസ് ഐസക്)</u>: ട്രഷറി വകുപ്പിന്റെ സമ്പൂർണ്ണമായ ആധുനികവൽക്കരണം പൂർത്തിയാക്കി വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമെ പുതിയ സബ് ട്രഷറി രൂപീകരണം സാധ്യമാകുകയുള്ളൂ. ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(11) <u>സിദ്ധ വിഭാഗം ആരംഭിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ. എൻ ഷംസീർ:</u> പകർച്ചവ്യാധി പ്രതിരോധമുൾപ്പെടെ മാരകരോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്ന സിദ്ധ വിഭാഗം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ജില്ലാ ആയുർവേദ ആശുപത്രികളിൽ ആരംഭിക്കാൻ

നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ നിലവിൽ ഒരു സിദ്ധ ആശുപത്രിയും 8 സിദ്ധ ഡിസ്പെൻസറികളും നാഷണൽ ആയുഷ് മിഷന് കീഴിൽ എൻ.എച്ച്.എം.ന്റെ 28 സിദ്ധ ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. സിദ്ധ സ്ഥാപനങ്ങൾ നിലവിലില്ലാത്ത എട്ട് ജില്ലകളിൽ 2016-17 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി താൽക്കാലിക സിദ്ധ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും സിദ്ധ ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി യൂണിറ്റുകൾ തുടങ്ങുന്നതിനായി 2018-19 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ നെല്ലിക്കുഴി, കൊല്ലം ജില്ലയിലെ നിലമേൽ ഗ്രാമപഞ്ചായത്തുകളിൽ സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് സിദ്ധ വൈദ്യം ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്നതാണ്.

(12) വെളിച്ചെണ്ണയിൽ മായം കലർത്തുന്നത് സംബന്ധിച്ച്

ശ്രീ. പി.ടി. തോമസ്: നിയമങ്ങൾ കർശനമാക്കിയും പുതിയ ലാബുകൾ ആരംഭിച്ചും വെളിച്ചെണ്ണയിൽ മായം കലർത്തുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): തമിഴ്നാട്ടിൽ നിന്നും വില കുറഞ്ഞ ഭക്ഷ്യ എണ്ണകൾ വെളിച്ചെണ്ണയിൽ കലർത്തി കേരളത്തിലെ വിപണികളിൽ എത്തുന്നതായി ഭക്ഷ്യസുരക്ഷാവകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇതിനെതിരെ ഫുഡ് സേഫ്റ്റി വിഭാഗം ശക്തമായ പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ മായം ചേർത്ത വെളിച്ചെണ്ണ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളുടെ നിലവാരം ഉയർത്തി NABL അക്രെഡിറ്റേഷൻ നേടിയെടുത്തിട്ടുണ്ട്. കൂടുതൽ ലാബുകൾ ആരംഭിക്കുന്നതിനും മികച്ച അത്യന്താധുനിക ഭക്ഷ്യ സുരക്ഷാ റിസർച്ച് ലാബ് സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. മൂന്ന് സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. 90 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. വെളിച്ചെണ്ണ മാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും.

(13) മാലിന്യ സംസ്കരണ പ്ലാന്റ്

ശ്രീ. ഡി. കെ. മുരളി: വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ ഓട് ചുട്ട പടുക്ക വനപ്രദേശത്ത് ഐ.എം.എ.-യുടെ നേതൃത്വത്തിൽ ജൈവമാലിന്യ പ്ലാന്റ് സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പാലക്കാട് കഞ്ചിക്കോട്ടുള്ള ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റാണ് കേരളത്തിൽ ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നത്. പരിസ്ഥിതി ക്ലിയറൻസും ശാസ്ത്രജ്ഞരുടെ ഉപദേശങ്ങളും സ്വീകരിച്ച് മറ്റൊരു പ്ലാന്റ് ഓട് ചുട്ട പടുക്ക വനപ്രദേശത്ത് സ്ഥാപിക്കാനാണ് സ്ഥലം കണ്ടെത്തിയത്. അത്യന്താധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങൾക്കും പരിസ്ഥിതിക്കും ദോഷകരമാകാത്ത രീതിയിൽ പ്ലാന്റ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. എങ്കിലും ഇക്കാര്യം ഒരിക്കൽക്കൂടി പരിശോധിക്കുന്നതാണ്.

(14) ക്യാൻസർ രോഗികളുടെ വർദ്ധനവും അവരുടെ ആനുകൂല്യങ്ങളും

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പത്തനാപുരം-പുനലൂർ താലൂക്കുകളിൽ ക്യാൻസർ രോഗം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് പഠനം നടത്താനും രോഗികളുടെ പെൻഷൻ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആർ.സി.സി.-യുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകൾ കേന്ദ്രീകരിച്ചും മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കാസർഗോഡ്, കണ്ണൂർ, മാഹി പ്രദേശങ്ങളെ ഉൾപ്പെടുത്തിയും ക്യാൻസർ രജിസ്ട്രികൾ

ഉണ്ടാക്കിയിട്ടുണ്ട്. സമ്പൂർണ്ണ ക്യാൻസർ രജിസ്ട്രിയുണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വർഷംതോറും 50000 പേർക്ക് ക്യാൻസർ രോഗം ബാധിക്കുന്നതായും 20000 പേർ മരണപ്പെടുന്നതായും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ക്യാൻസർ രോഗം വർദ്ധിക്കുന്ന സാചര്യത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ വിഭാഗം ശക്തമാക്കാനും 105 പുതിയ തസ്തികകൾ സൃഷ്ടിക്കാനും തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ, കീമോതെറാപ്പി, പാലിയേറ്റിവ് യൂണിറ്റുകൾ, ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഏർളി ഡിറ്റക്ഷൻ സെന്ററുകൾ എന്നിവ ആരംഭിക്കാനും WHO-യുടെ സഹായത്തോടുകൂടി ക്യാൻസർ പോളിസിയുണ്ടാക്കാനുള്ള വർക്ക്ഷോപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. ക്യാൻസർ രോഗികൾക്കുള്ള ക്ഷേമപദ്ധതികൾ മുടങ്ങിയിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

### (15) അഴിക്കോട് - മുനമ്പം പാലം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: തൃശ്ശൂർ-എറണാകുളം ജില്ലകളെ ബന്ധിപ്പിക്കുന്ന അഴിക്കോട്-മുനമ്പം പാലം യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

അഴിക്കോട്-മുനമ്പം പാലം നിർമ്മാണത്തിനായി 2017-18-ലെ ബഡ്ജറ്റിൽ 160 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും സ്ഥലമെടുപ്പ്, സാമൂഹ്യ പ്രത്യാഘാത പഠനം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 174.64 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന് ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റും കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും ആവശ്യമാണ്. കൂടാതെ പാരിസ്ഥിതിക പ്രത്യാഘാത പഠനം നടത്താൻ എറണാകുളം ജില്ലാ കളക്ടർ ആവശ്യമായ രേഖകളും നൽകണം. ഡിസൈൻ അടിസ്ഥാനത്തിലുള്ള ക്ലിയറൻസ് എത്രയും വേഗം ലഭ്യമാക്കാൻ ബന്ധപ്പെട്ട കളക്ടർമാരും എം.എൽ.എ.മാരും പ്രാദേശികമായ നീക്കം നടത്തണം. പാരിസ്ഥിതിക പ്രത്യാഘാത പഠനത്തിനായി കിഫ്ബിയുടെ സാമ്പത്തികാനുമതിക്ക് പത്രിക സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് പണം ലഭ്യമാക്കുന്നതിനുള്ള കണക്കുകൾ എറണാകുളം കളക്ടർ ലഭ്യമാക്കിയിട്ടില്ല. തൃശ്ശൂർ ജില്ലാ കളക്ടർ കണക്ക് ലഭ്യമാക്കിയതിനാൽ കേരള റോഡ് ഫണ്ട് ബോർഡിനോട് പണം ആവശ്യപ്പെട്ടിട്ടുണ്ട്. ടി നടപടികൾ പൂർത്തിയായാൽ മാത്രമെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(16) <u>പുതിയ പാലം</u>

<u>ശ്രീ. കെ. എം. ഷാജി</u>: അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവിൽ പുതിയ

പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പാപ്പിനിശ്ശേരി-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വളപട്ടണം പുഴയ്ക്ക് കുറുകെയുള്ള കല്ലൂരിക്കടവ് പാലത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(17) വടകര ജില്ലാ ആശുപത്രി നിർമ്മാണം

ശ്രീ. സി. കെ. നാണു: വടകര ജില്ലാ ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വടകര ജില്ലാ ആശുപത്രിയുടെ ഭൗമിക നിലയും രണ്ടാം നിലയും പണിയുന്നതിന് 5 കോടി രൂപ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ചെങ്കിലും കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചതിനാൽ പൂർത്തിയാക്കാൻ സാധിച്ചില്ല. ടി പ്രവൃത്തിക്കും രണ്ടാം നില മുതൽ ആറാം നില വരെയുള്ള ബാക്കി പ്രവൃത്തികൾക്കുംകൂടി 13.70 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രതിഭാ ഡെവലപ്പേഴ്സ് എന്ന

സ്വകാര്യ കമ്പനി പ്രവൃത്തി ഏറ്റെടുത്തെങ്കിലും ജി.എസ്.ടി. സംബന്ധിച്ച പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് കോടതിയെ സമീപിച്ചിരിക്കുകയാണ്. ഈ പ്രശ്നത്തിൽ 2017 നവംബറിൽ കൗണ്ടർ അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. കേസിൽ എത്രയും വേഗം തീർപ്പുകല്പിക്കണമെന്ന് എ.ജി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമെങ്കിൽ കേസ് ഒഴിവാക്കുന്നതിന് കരാറുകാരനുമായി ചർച്ച നടത്താനും തയ്യാറാണ്.

(18) പാലം നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: ചാലിയാറിന് കുറുകെയുള്ള ആര്യൻതൊടിക പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള ആര്യൻതൊടിക പാലത്തിന് ഭരണാനുമതി ലഭിച്ചെങ്കിലും ബഡ്ജറ്റിൽ ഉൾപ്പെടാതിരുന്നതിനാൽ പ്രത്യേക അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചതനുസരിച്ച് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരുന്ന മുറയ്ക്ക് പുതുക്കിയ സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകുന്നതാണ്.

(19) മേൽപ്പാലം നിർമ്മാണം

ശ്രീ. ഹൈബി ഈഡൻ: എറണാകുളം മണ്ഡലത്തിലെ അറ്റ്ലാന്റിസ്,

വാത്തുരുത്തി റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2016-17-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രസ്തുത മേൽപ്പാലങ്ങൾക്ക് ഭരണാനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനെ നിർമ്മാണ ചുമതല ഏല്പിക്കുകയും ചെയ്തു. പദ്ധതി തയ്യാറാക്കി സ്ഥലം ഏറ്റെടുത്ത് സൈറ്റ് ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചപ്പോൾ പരിസരവാസികൾ തടസ്സപ്പെടുത്തിയതിനാൽ വിശദാംശങ്ങൾ കൈമാറാൻ കൊച്ചി കോർപ്പറേഷനോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ഡി.പി. ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച് കൊച്ചി കോർപ്പറേഷന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും യോഗം വിളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വാത്തുരുത്തി മേൽപ്പാലം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനെ പദ്ധതിയുടെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ അലൈൻമെന്റുമായി ബന്ധപ്പെട്ട് പോർട്ട് ട്രസ്റ്റ്, നേവി, റെയിൽവേ എന്നിവയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതാണ്.

(20)<u>കലോത്സവത്തിന് കൂടുതൽ തുക</u>

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: ടെക്നിക്കൽ സ്കൂൾ കലോത്സവത്തിന് കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിലെ അഖില കേരള റ്റി.എച്ച്.എസ്. കലോത്സവത്തിന്റെയും കായികമേളയുടെയും നടത്തിപ്പിന് സർക്കാർ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കുന്നതാണ്.

(21)<u>സ്കൂളുകൾ ഹൈടെക് ആക്കുന്ന നടപടി</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്നതിലെ പ്രായോഗിക വൈഷമ്യങ്ങളും അവ്യക്തതകളും പരിഹരിക്കുന്നതിനും ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് അനുമതി നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സൗകര്യവികസനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 141 സ്കൂളുകൾക്ക്

കിഫ്ബിയിലൂടെ അഞ്ച് കോടി രൂപ വീതവും 229 സ്കൂളുകൾക്ക് മൂന്ന് കോടി രൂപ വീതവും അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 229 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ തുടർന്നുവരുന്നതും ബാക്കി സ്കൂളുകൾ ഉടൻതന്നെ ടെണ്ടർ പ്രക്രിയയിലേയ്ക്ക് എത്തുന്നതുമാണ്. ഡിസംബർ മാസത്തോടുകൂടി ഇതിന്റെ പണി പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തെ എയ്ഡഡ് - സർക്കാർ മേഖലകളിലെ 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം ആരംഭിക്കുകയും ജൂൺ മാസത്തോടുകൂടി പ്രവർത്തനക്ഷമമാക്കുന്നതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യുന്നതാണ്.

(22) <u>എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം</u>

<u>ശ്രീ. എം. സ്വരാജ്</u>: എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകാനും ടി മേഖലയിൽ നിലനിൽക്കുന്ന അഴിമതി ഇല്ലാതാക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): കേരള വിദ്യാഭ്യാസ നിയമപ്രകാരം എയ്ഡഡ് പ്രൈമറി-ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനാധികാരി സ്കൂൾ മാനേജർമാരാണ്. ഇപ്രകാരം നിയമനം നേടിയ അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ച് 15 ദിവസത്തിനകം

നിയമനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ ഉപജില്ലാ-ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും ഒരു മാസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളണമെന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തസ്തിക നിർണ്ണയം, അദ്ധ്യാപക – അനദ്ധ്യാപക തസ്തികകളിലെ നിയമന ഉത്തരവുകളുടെ സമർപ്പണം, നിയമനാംഗീകാരം എന്നിവ സുതാര്യമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി അദ്ധ്യാപക -അനദ്ധ്യാപക നിയമനാംഗീകാരത്തിനുള്ള അപേക്ഷ ഓൺലൈൻ വഴി സ്വീകരിച്ച് തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(23) തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: അഭയാരണ്യം ഇക്കോ ടൂറിസം പദ്ധതി പ്രദേശത്ത് തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി-ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന അക്വേഷ്യ മരങ്ങൾ വെട്ടിമാറ്റുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): എറണാകുളം ജില്ലയിൽ കപ്രിക്കാട് വനമേഖലയിൽ 133 ഹെക്ടർ സ്ഥലത്തായി സ്ഥിതിചെയ്യുന്ന അഭയാരണ്യത്തിൽ ധാരാളം വിനോദസഞ്ചാരികൾ എത്തിച്ചേരുന്നുണ്ട്. അക്വേഷ്യ മരങ്ങൾ

ജലചൂഷണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നതിനാലും മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമല്ലാത്തതിനാലും കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതിനാലും അഭയാരണ്യത്തിൽ നട്ടുപിടിപ്പിച്ചിരിക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം പുനഃസൃഷ്ടിക്കണമെന്ന ആവശ്യം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ പുതുതായി അക്വേഷ്യ മരങ്ങൾ വച്ചുപിടിപ്പിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മരങ്ങൾ ഒന്നിച്ച് മുറിച്ചുമാറ്റുന്നത് പരിസ്ഥിതിക്കും പക്ഷിമൃഗാദികളുടെ ആവാസവ്യവസ്ഥയ്ക്കും ആഘാതം സൃഷ്ടിക്കുമെന്നതിനാലും ടി പ്രദേശം റിസർവ് വനമാകയാലും ആവശ്യമായ അനുമതി ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി മുറിച്ചുനീക്കി തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (24) അജൈവ മാലിന്യങ്ങൾ കത്തിക്കൽ

ശ്രീ. അൻവർ സാദത്ത്: പൊതുസ്ഥലങ്ങളിൽ അജൈവ മാലിന്യങ്ങൾ കത്തിക്കുന്നതിലൂടെ സമൂഹത്തിലുണ്ടാകുന്ന ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിനും ഹൈക്കോടതി വിധി ഫലപ്രദമായി നടപ്പിലാക്കി ശാസ്ത്രീയമായ രീതിയിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും പ്ലാസ്റ്റിക് -അജൈവ മാലിന്യങ്ങൾ കത്തിക്കുന്നത് ക്യാൻസർ ഉൾപ്പെടെയുള്ള മാരകമായ പല രോഗങ്ങൾക്കും കാരണമാകുമെന്നതിനാൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം മാലിന്യങ്ങൾ കത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കണമെന്നും ബ്ലോക്ക് അടിസ്ഥാനത്തിലും നഗരസഭാതലങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി കുറഞ്ഞത് 245 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളെങ്കിലും സ്ഥാപിക്കണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ശേഖരിക്കുന്നതിനുമായി 634 ഗ്രാമപഞ്ചായത്തുകളിലും 55 നഗരസഭകളിലും ഹരിതകർമ്മസേനകൾ രൂപീകരിക്കുകയും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് പ്രചരണം നടത്തുകയും നഗര-ഗ്രാമപ്രദേശങ്ങൾ 153 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(25) അമിനിറ്റീസ് സെന്ററിന് കെട്ടിട നമ്പർ

ശ്രീ. സി. മമ്മൂട്ടി: നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച തിരൂർ നഗരസഭയിൽ

അമിനിറ്റി സെന്ററിന് കെട്ടിട നമ്പർ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): നിലവിലുള്ള കെട്ടിട നിർമ്മാണ നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് തിരൂർ നഗരസഭയിൽ അമിനിറ്റീസ് സെന്റർ നിർമ്മിച്ചിരിക്കുന്നതെന്ന സെക്രട്ടറിയുടെ റിപ്പോർട്ട് നിലനിൽക്കുന്നുണ്ടെങ്കിലും അൺ ആതറൈസ്ഡ് ബിൽഡിംഗുകൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള നിയമപ്രകാരം രണ്ടാഴ്ചയ്ക്കുള്ളിൽ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(26) സി.ആർ.ഇസഡ്. പരിധിയിലെ വാസഗൃഹങ്ങളുടെ വസ്തുനികുതി

ശ്രീ. എ. എം. ആരിഫ്: തീരദേശ മേഖലയിൽ സി.ആർ.ഇസഡ്. പരിധിയിൽപ്പെട്ട വാസഗൃഹങ്ങളുടെ നികുതിഘടനയിൽ മാറ്റം വരുത്തുന്നതിനായി നിയമത്തിൽ ഭേദഗതി വരുത്താനും കോസ്റ്റൽ സോൺ റെഗുലേഷൻ മാനേജ്മെന്റിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): യു.എ. നമ്പർ അനുവദിച്ചിരുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് വർഷാവർഷം മൂന്നിരട്ടിവരെ നികുതി നൽകാൻ

സാധാരണക്കാർക്ക് കഴിയുന്നില്ലെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ അവ സാധാരണ നികുതിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിന് നിയമഭേദഗതി നടത്തുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള ലിസ്റ്റ് 1,2 പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പത്ത് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

2. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

### I. ദി ഫോറിൻ ലിക്വർ (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2017

ശ്രീ. കെ. സി. ജോസഫ്: നിലവിലുള്ള ചട്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനം, എസ്.സി./എസ്.ടി. കോളനികൾ എന്നിവയ്ക്ക് 200 മീറ്ററിനുള്ളിൽ മൂന്ന്, നാല്, അഞ്ച് സ്റ്റാർ ഹോട്ടലുകൾ, ഫൈവ് സ്റ്റാർ ഡീലക്സ് ഹോട്ടലുകൾ തുടങ്ങാൻ പാടില്ല എന്നിരിക്കെ ദൂരപരിധി 50 **മീറ്റ**റാക്കി

ചുരുക്കിയ തീരുമാനം പുനഃപരിശോധിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ത്രീ സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകളുടെ 200 മീറ്റർ ദൂരപരിധിക്കുള്ളിലും ഫോർ സ്റ്റാറും അതിനുമുകളിൽ സ്റ്റാർ ക്ലാസിഫിക്കേഷനുമുള്ള ഹോട്ടലുകളുടെ 50 മീറ്റർ ദൂരപരിധിക്കുള്ളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനം, എസ്.സി./എസ്.ടി. കോളനികൾ ഇവയിലേതെങ്കിലും സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അവയ്ക്ക് ബാർ ലൈസൻസ് നൽകാറില്ല. ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്കും ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും വിദേശ മദ്യശാലകൾക്കും ദൂരപരിധിയിൽ മാറ്റം വരുത്തിയിട്ടില്ല. മദ്യനയത്തിന്റെ ഭാഗമായി കേരളത്തിലെ ടൂറിസം മേഖല കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ 2012-ലെ സ്ഥിതി പുനഃസ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി 29-നെതിരെ 60 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ നിരാകരിച്ചു.

**II.** ദി മെഡിക്കൽ അറ്റൻഡൻസ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (സെക്കന്റ് അമന്റ്മെന്റ്) റൂൾസ്, 2017

ശ്രീ. എം. ഉമ്മർ: 1988-ലെ മെഡിക്കൽ അറ്റൻഡൻസ് ടു എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ് പ്രകാരം എക്സ്-എം.എൽ.എ. മാരുടെ ജീവിത പങ്കാളിക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുമ്പോൾ എക്സ്-എം.എൽ.എ.മാരുടെ മെന്റലി റിട്ടാർഡഡ് ആന്റ് ഫിസിക്കലി ഡിസേബിൾഡ് ചിൽഡ്രനെയും കൂടി ഇതിൽ ഉൾപ്പെടുത്തണം. ബിൽ റി-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷാ ഫോറത്തിലെ Brand Name with Chemical/Pharmacological എന്നതിനുപകരം "Brand Name" എന്നാക്കേണ്ടതാണ്.

ചികിത്സാ ബില്ലുകളിൽ District Medical Officer-റുടെ countersign ആവശ്യമാണെന്നത് ഒഴിവാക്കണമെന്നുള്ള ഭേദഗതി അവതരിപ്പിക്കുന്നു. ആവശ്യമെങ്കിൽ ഇതിന് ചട്ടത്തിൽ ഭേദഗതി വരുത്തണം. ഭേദഗതികൾ സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): എക്സ്-എം.എൽ.എ.മാരുടെ ജീവിത പങ്കാളിക്കുകൂടി ചികിത്സാ ആനുകൂല്യം അനുവദിക്കാനാണ് 1988-ലെ മെഡിക്കൽ അറ്റൻഡൻസ് ടു എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ് 2009-ൽ ചട്ടം ഭേദഗതി ചെയ്ത് പിശക് പരിഹരിച്ചത്. പ്രസ്തുത നിയമത്തിൽ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തി ചട്ടത്തിൽ

ഭേദഗതി വരുത്താൻ സാധിക്കില്ലായെന്നും നിയമത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ അത് സാധിക്കുകയുള്ളുവെന്ന 2 (എ) പ്രകാരം എക്സ്പ്ലനേഷനും നൽകിയിരുന്നു. ആയതിനാൽ പ്രസ്തുത വിഷയം നിലവിൽ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

മുൻ നിയമസഭാംഗങ്ങളുടെ ചികിത്സാനുകൂല്യങ്ങൾ നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ 1988-ലെ മെഡിക്കൽ അറ്റൻഡൻസ് ടു എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി ചട്ടങ്ങളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചട്ടപ്രകാരം നൽകിയ നാല് ഫോമുകളിൽ ഫോം 2 ലെ മൂന്നാം കോളത്തിലുള്ള മരുന്നിന്റെ ബ്രാൻഡ് നെയിമും രാസനാമവും ഫാർമക്കോളജിക്കൽ വിവരണവും ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിക്കാൻ സാധിക്കില്ല. മെഡിക്കൽ ഓഫീസർ കൗണ്ടർ സൈൻ ചെയ്യണമെന്നും ഓഫീസ് മുദ്ര പതിപ്പിക്കണമെന്നുമുള്ള ഭാഗം ഒഴിവാക്കിയാൽ റീ-ഇംബേഴ്സ്മെന്റിന് യാതൊരു നിയന്ത്രണവുമുണ്ടാകില്ല. ആയതിനാൽ ഫോം നമ്പർ 4-ൽ ഡയറക്ടർ കൗണ്ടർ സൈൻ ചെയ്യണമെന്ന ഭാഗം ഒഴിവാക്കാനാകില്ല. ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

## VII ധനകാര്യം

### 2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. എം. സ്വരാജ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തീരദേശ സംരക്ഷണ പാക്കേജിന് 2,000 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവർ, സ്ത്രീകൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ് എന്നീ വിഭാഗക്കാർക്ക് മുൻതൂക്കം നൽകുന്ന ബഡ്ജറ്റാണിത്. 'വിശപ്പുരഹിത കേരളം' പദ്ധതി സ്വാഗതാർഹമാണ്. ക്ഷേമപെൻഷനുകളിൽനിന്നും അനർഹരെ ഒഴിവാക്കുകയും ഭിന്നശേഷിക്കാരെ നിലനിർത്തുകയും വേണം. ട്രാൻസ്ജെൻഡേഴ്സിന് പുതുതായി ക്ഷേമപെൻഷൻ ഏർപ്പെടുത്തണം. തൊഴിലില്ലായ്മ വേതനം കാലാനുസൃതമായി പരിഷ്കരിക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കിഫ്ബി മുഖേനയുള്ള ഒരു പ്രവൃത്തിയും സമയബന്ധിതമായി നടക്കാത്ത സ്ഥിതിയാണുള്ളത്.

ശ്രീമതി സി. കെ. ആശ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനപക്ഷ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഭാവി കേരളം എങ്ങനെയായിരിക്കണമെന്ന വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ ഒട്ടേറെ പ്രഖ്യാപനങ്ങളും നിർദ്ദേശങ്ങളും അവ പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതി വിഹിതവും ബഡ്ജറ്റിലുണ്ട്. അന്തരിച്ച പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ വൈക്കത്ത് ഒരു കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ : ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്ത് നല്ല നിലയിൽ

പ്രവർത്തിച്ചുവരുന്ന അനാഥാലയങ്ങൾ നിലനിർത്തുന്നതിനും ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. ഐ. ബി. സതീഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദീർഘവീക്ഷണത്തോടെയും കരുതലോടെയുമുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വനിതാക്ഷേമ പദ്ധതികളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനും സ്ത്രീസൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുമുള്ള നിർദ്ദേശങ്ങൾ ചരിത്രപരമാണ്. വിശപ്പുരഹിത കേരളം പദ്ധതി നടപ്പാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. പത്താം ശമ്പള പരിഷ്കരണത്തിന്റെയും സാമൂഹ്യക്ഷേമ പെൻഷനുകളുടെയും കുടിശ്ശിക കൊടുത്തു തീർക്കേണ്ട ബാധ്യത ഈ സർക്കാരിന്റെ മേൽ ചുമത്തിക്കൊണ്ടാണ് മുൻസർക്കാർ അധികാരമൊഴിഞ്ഞത്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കുന്നതിനും സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. മാണി: ഭൂനികുതി വർദ്ധന ഒഴിവാക്കുന്നതിനും കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റങ്ങൾക്ക് മുദ്രവില വർദ്ധിപ്പിച്ചത്

പുനഃപരിശോധിക്കുന്നതിനും തയ്യാറാകണം. റബ്ബറിന്റെ സംഭരണ വില 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യുന്നതിനുള്ള തീരുമാനം പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ വരുമാനത്തിലും നികുതിയേതര വരുമാന വളർച്ചയിലും കുറവുണ്ടായത് ആശാസ്യമല്ല. വിദേശടൂറിസ്റ്റുകളുടെ എണ്ണത്തിലുള്ള കുറവ് സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് തടസ്സമാണ്. കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളിൽ യാതൊരു പുരോഗതിയുമുണ്ടാകുന്നില്ല. ഇന്ധനവില വർദ്ധന വഴിയുള്ള അധികവരുമാനം വേണ്ടെന്നുവയ്ക്കുന്നതിനും കാരുണ്യ ചികിത്സാ പദ്ധതി ശക്തിപ്പെടുത്തുന്നതിനും അടയ്ക്കാ കർഷകരിൽ നിന്നും അധിക നികുതി ഈടാക്കാനുള്ള തീരുമാനം പിൻവലിക്കുന്നതിനും സർക്കാർ തയ്യാറാകണം.

ശ്രീ. പി. കെ. ശശി: ബജറ്റിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുമ്പോഴും സാമൂഹ്യക്ഷേമ പദ്ധതികളിൽ കുറവു വരുത്താൻ ഈ സർക്കാർ തയ്യാറായിട്ടില്ല. അങ്കണവാടി ജീവനക്കാർക്കും ശിശുക്ഷേമ സമിതി ക്രഷ് ജീവനക്കാർക്കും കുടിശ്ശികത്തുക

അനുവദിക്കുന്നതിനും ആശാ വർക്കർമാർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കണം. മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഒ. രാജഗോപാൽ: കഴിഞ്ഞ ബഡ്ജറ്റിൽ നൽകിയ വാഗ്ദാനങ്ങളൊന്നും നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നോട്ട് നിരോധനം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ബാങ്ക് നിക്ഷേപങ്ങളും നികുതി ദായകരുടെ എണ്ണവും വർദ്ധിപ്പിക്കുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മുന്നിലെത്തുന്നതിനും കാരണമായിട്ടുണ്ട്. ജി.എസ്.ടി.-യെ ആദ്യം പിന്തുണയ്ക്കുകയും പിന്നീട് എതിർക്കുകയും ചെയ്യുന്ന സമീപനമാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിരിക്കുന്നത്. സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തുമാണ് കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം.

ശ്രീ. ആർ. രാമചന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സ്ത്രീപക്ഷ നിലപാടുകൾക്കും കാർഷിക ഗ്രാമീണ തീരദേശ മേഖലകൾക്കും ഏറെ പ്രാധാന്യം നൽകുന്നതും സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതുമാണ് ഈ ബഡ്ജറ്റ്. 'വിശപ്പുരഹിത കേരളം' പദ്ധതി സമയബന്ധിതമായി നടപ്പാക്കുമെന്ന പ്രഖ്യാപനവും ഭക്ഷ്യസുരക്ഷയ്ക്ക് അർഹമായ പരിഗണന നൽകിയതും സ്വാഗതാർഹമാണ്. മന്നം കൾച്ചറൽ സ്റ്റഡി സെന്ററിന്റെ കാര്യം പ്രത്യേകം പരിഗണിക്കണം. കായലോര

ടൂറിസം പദ്ധതിയിൽ കരുനാഗപ്പള്ളിയിലെ ടി.എസ്. കനാലും വട്ടക്കായലുംകൂടി ഉൾപ്പെടുത്തണം. സമ്പൂർണ്ണ ഭവന പദ്ധതിക്കായി 2500 കോടി രൂപ വകയിരുത്തിയതും കെ.എസ്.ആർ.ടി.സി.- യെ പുനഃസംഘടിപ്പിക്കാനും പെൻഷൻ കുടിശ്ശിക മാർച്ച് മാസത്തിനുള്ളിൽ നൽകാനുമുള്ള തീരുമാനവും നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തുക വകയിരുത്തിയതും ശ്ലാഘനീയമാണ്. കുടുംബശ്രീക്ക് 200 കോടി രൂപ അനുവദിച്ചത് ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. ഉദാരവൽക്കരണ നയങ്ങൾക്ക് വ്യക്തമായ ബദൽ നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: ബഡ്ജറ്റിനെ എതിർക്കുന്നു. 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുമോയെന്നും മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ എത്രയെണ്ണം പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കണം. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്കും ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള യാതൊരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

ശ്രീ. ജെയിംസ് മാത്യു: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദേശീയാടിസ്ഥാനത്തിൽ 5.7 ശതമാനം സാമ്പത്തിക വളർച്ച രേഖപ്പെടുത്തിയപ്പോൾ കേരള സമ്പദ്ഘടന ദേശീയ ശരാശരിയെക്കാൾ മെച്ചപ്പെട്ട നിലയിലെത്തിയിട്ടുണ്ട്. കേന്ദ്ര

സർക്കാർ ദിനംപ്രതി പെട്രോൾ/ഡീസൽ വില വർദ്ധിപ്പിച്ചിട്ടും അതിനെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല എന്നത് ശ്രദ്ധേയമാണ്. ലൈഫ്, ഹരിത കേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികളിലൂടെ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അഞ്ച് വർഷംകൊണ്ട് 54000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഡ്ജറ്റിനെ എതിർക്കുന്നു. പ്രവാസി ചിട്ടിയിലൂടെയും ബോണ്ട് മുഖാന്തിരവും കിഫ്ബിയിലേയ്ക്ക് പണം സ്വരൂപിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതാണ്. കിഫ്ബിയുടെ പ്രവർത്തനം പ്ലാനിംഗ് കമ്മീഷനെ പ്രതികൂലമായി ബാധിക്കും. ഈ ഗവൺമെന്റിന്റെ കാലത്ത് റവന്യൂ കമ്മിയും ധനക്കമ്മിയും വർദ്ധിക്കുകയും മൂലധനച്ചെലവ് കുറയുകയും ചെയ്തു. സംസ്ഥാനത്തുടനീളം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ സ്ഥാപിക്കുമെന്ന മുൻ ബഡ്ജറ്റ് പ്രഖ്യാപനം നാളിതുവരെ നടപ്പാക്കിയിട്ടില്ല. നെല്ല് സംഭരണത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം. കൃഷി, ജലസേചനം ഉൾപ്പെടെയുള്ള ഉല്പാദന മേഖലകളെ ബഡ്ജറ്റിൽ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മുടങ്ങിയ ശമ്പളവും പെൻഷൻ കുടിശ്ശികയും കൊടുത്തുതീർക്കാനും

റബ്ബർ കർഷകരെ സഹായിക്കുന്നതിനുമുള്ള പദ്ധതികൾ ബഡ്ജറ്റിലില്ല. അടയ്ക്കാ കർഷകർ നികുതി അടയ്ക്കണമെന്നുള്ള നിർദ്ദേശവും ഡാറ്റാ സെന്റർ വീണ്ടും സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കാനുള്ള തീരുമാനവും പിൻവലിക്കണം. ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് നിബന്ധന ഏർപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സംസ്ഥാനത്ത് നിലനിൽക്കുന്ന ധനപ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾക്ക് ബഡ്ജറ്റിലൂടെ തുടക്കം കുറിച്ചിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലും സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ചുകൊണ്ട് 10 ശതമാനം വർദ്ധനവോടെയുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ളത്. 915 കോടി രൂപയുടെ പുതിയ പദ്ധതികൾ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക മേഖലയിൽ പ്ലാൻ-നോൺപ്ലാൻ ഇനത്തിൽ ആവശ്യമായ തുകയും റബ്ബറിന്റെ വില സ്ഥിരതാ ഫണ്ടിനായി 500 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. നെല്ല് സംഭരണത്തിന് ആവശ്യമായ തുക വകയിരുത്തുകയും പാലക്കാട് ജില്ലയിൽ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഹോർട്ടികോർപ്പിന് 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര സംഭരണം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ട് അഗ്രോ

പാർക്കുകൾ പൂർത്തീകരിക്കുകയും ഇൻഡസ്ട്രിയൽ ഫാമിംഗിന് അധിക തുക നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ മേഖലയ്ക്കുള്ള അടങ്കൽ തുക 10 ശതമാനത്തിലേറെ വർദ്ധിച്ചിട്ടുണ്ടെങ്കിലും ചില കംപോണന്റ്സിന് തുക അപര്യാപ്തമാണെന്നുള്ളതിനാൽ റീ-അപ്രോപ്രിയേഷനിലൂടെ തുക അനുവദിക്കാവുന്നതാണ്. എൻ.സി.ഡി.സി.യിൽ നിന്നുള്ള വായ്പാ അടവിന്റെ കാര്യത്തിലുള്ള തടസ്സം പരിഹരിക്കുന്നതാണ്. ടൂറിസം മേഖലയ്ക്ക് കൂടുതൽ തുക നീക്കി വയ്ക്കുന്നതിന് യാതൊരു തടസ്സവുമില്ല. മൃഗപരിപാലന രംഗത്ത് കടാശ്വാസ പദ്ധതിക്ക് രൂപം നൽകുന്നതാണ്. മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിനായി ഒരു പാക്കേജ് ആരംഭിക്കാനുള്ള നടപടികൾക്ക് ബഡ്ജറ്റിൽ തുടക്കം കുറിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ ക്രാഫ്റ്റിനുവേണ്ടി പ്രത്യേക ഹെഡിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ അന്യം നിന്നുപോകുന്ന പായ് നെയ്ത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസായ വകുപ്പുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണ്. കിഫ്ബി പ്രോജക്ടുകളെ സംബന്ധിച്ച് വിമർശനമുണ്ടായ സാഹചര്യത്തിൽ അടുത്ത നിയമസഭാ സമ്മേളനത്തിലെ ഓരോ ദിവസവും മണ്ഡലങ്ങളിലെ പ്രോജക്ടുകളുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരികരിക്കാൻ അവസരമുണ്ടാക്കുന്നതാണ്. 2017-18-ലെ പൊതുമരാമത്ത് വകുപ്പിന്റെ അഡീഷണൽ വർക്കുകൾക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അടുത്ത വർഷത്തേയ്ക്ക് ടോക്കൺ

പ്രൊവിഷനായി 400 കോടി രൂപ പ്രത്യേക ഹെഡ്ഡിൽ വകയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് 20 ശതമാനം തുക നീക്കിവച്ചിരിക്കുന്നതുൾപ്പെടെ 2000 കോടി രൂപയുടെ നിർമ്മിതികൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കാവുന്നതാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ഈ മാസത്തെ ശമ്പളത്തിനുള്ള 70 കോടി രൂപയുൾപ്പെടെ 1000 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. സർക്കാർ നേരിട്ട് പണം നൽകാമെന്ന് ബാങ്കുകൾക്ക് സമ്മതപത്രം നൽകി പണം വാങ്ങുന്നതിനാൽ ഇനി മുതൽ കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ വായ്പാ ബാദ്ധ്യതയുണ്ടാകില്ല. കെ.എസ്.ആർടി.സി.-യുടെ ഉല്പാദനക്ഷമതയും വരുമാനവും വർദ്ധിപ്പിക്കാനും ചെലവ് കുറയ്ക്കാനും വേണ്ടി ഒരു പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിലെ റവന്യൂവും എക്സ്പെൻഡീച്ചറും തമ്മിലുള്ള പൊരുത്തക്കേട് വകുപ്പുതന്നെ പരിഹരിക്കുകയും നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന് പകരം ഏറ്റെടുത്ത 600 കോടി രൂപയുടെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നബാർഡിൽ നിന്ന് പ്രത്യേകം പണം കണ്ടെത്തുകയും വേണം. പൊതുമരാമത്തു വകുപ്പിലേതുപോലെ വാട്ടർ അതോറിറ്റിയിൽ ഒരു ബിൽ ഡിസ്കൗണ്ടിംഗ് സ്കീം കൊണ്ടുവരികയാണ്. എക്സൈസുമായി ബന്ധപ്പെട്ട് വിമുക്തി പദ്ധതിക്ക് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം സ്പോർട്സിനായി 116 കോടി രൂപ ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ടെന്ന് മാത്രമല്ല 750 കോടി രൂപയുടെ കിഫ്ബി വർക്കുകൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഓപ്പറേഷൻ ഒളിമ്പിയയ്ക്ക് അഡീഷണൽ ആതറൈസേഷനിലൂടെ പണം നൽകാവുന്നതും കായിക താരങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി റീഅപ്രോപ്രിയേഷനിലൂടെ നടപ്പാക്കാവുന്നതുമാണ്. യുവാക്കൾക്കായി 24 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളെക്കൂടി കിഫ്ബി സ്കൂൾ നവീകരണത്തിൽ പരിഗണിക്കുന്നതും ജോയിന്റ് അക്കൗണ്ട് തുടങ്ങുന്ന കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുന്നതുമാണ്. പാചകത്തൊഴിലാളികളുടെ ഇൻഷ്വറൻസ് റീഅപ്രോപ്രിയേഷനിലൂടെ പണിഗണിക്കാവുന്നതും ശമ്പളപരിഷ്കരണം ബഡ്ജറ്റിൽ ഉൾപ്പെടുത്താതെ പ്രത്യേകം പരിശോധിക്കുന്നതുമാണ്. അങ്കണവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനത്തിന്റെ 50 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്. ചാത്തന്നൂർ, കെയിലാണ്ടി ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന് 10 കോടി രൂപ അധികമായി വകയിരുത്തുന്നു. കൊല്ലം പ്രസ് ക്ലബ്ബിന്റെ സുവർണ്ണ ജൂബിലി, ചെമ്പൈ സംഗീതോത്സവം, മറ്റ് സ്മാരകങ്ങൾ എന്നിവയ്ക്കായി പ്രത്യേക ഹെഡ്ഡിൽ 2,90,00,000/- രൂപ നീക്കിവച്ചിട്ടുള്ളത് സംബന്ധിച്ച് സാംസ്കാരിക വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. ചെമ്പഴന്തി

ശ്രീനാരായണ ഗുരുകുലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചാൽ അധിക തുക ലഭിക്കുന്നതാണ്. ഈ വർഷം ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് 1819 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തുകയും 5030 കോടി രൂപയുടെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പെൻഷൻ സംബന്ധിച്ച് സി&എ.ജി. നടത്തിയ പഠനത്തിൽ അനർഹരും ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർവ്വേ നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള 'ഗിഫ്റ്റ്'-ന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. അഗതികൾക്കും ഭിന്നശേഷിക്കാർക്കും പെൻഷൻ നൽകുന്നതിനും ഭൂനികുതി വർദ്ധനവിലൂടെ ലഭിക്കുന്ന തുക കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമനിധിയിലേയ്ക്ക് മാറ്റുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിൽ ഏർപ്പെടുത്തിയ തൊഴിൽ ശ്രേഷ്ഠ അവാർഡ് അഭിനന്ദനീയമാണ്. എല്ലാ ക്ഷേമ പെൻഷനുകൾക്കും ഒരേ റേറ്റാണ് നൽകുന്നത്. തോട്ടം പുനരുജ്ജീവന പാക്കേജ് പ്ലാന്റേഷൻ ടാക്സിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. അടയ്ക്കാ കർഷകരുടെ നികുതി പലിശയും പിഴപ്പലിശയും ഒഴിവാക്കിയിട്ടുണ്ട്. ഭാഗാധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, പ്ലാന്റേഷൻ ടാക്സ്, അടയ്ക്കാ കർഷരുടെ നികുതിയിളവ് തുടങ്ങിയവ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഫിനാൻസ് ബിൽ

പരിഗണിക്കുമ്പോൾ വിശദമായി ചർച്ച ചെയ്യാവുന്നതാണ്. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാന വിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്ത് ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ യജ്ഞം തുടങ്ങിയ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. എഫ്.ആർ.ബി.എം. ആക്ടിലൂടെ സംസ്ഥാനങ്ങളുടെ ഫിസ്കൽ ഡെഫിസിറ്റ് രണ്ടു ശതമാനമായി കുറയ്ക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തിന് ബദലായാണ് കിഫ്ബി കൊണ്ടുവന്നിരിക്കുന്നത്.

## IX അവകാശലംഘന പ്രശ്നങ്ങൾ

### (1) അനുമതി നിഷേധിച്ചവ

ശ്രീ. പി.സി. ജോർജ്, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. കെ.സി. ജോസഫ് മുഖ്യമന്ത്രിക്കെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചു.

### (2) പരിഗണനയിലിരിക്കുന്നവ

ശ്രീ. കെ. സി. ജോസഫ് സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

**X പ്രമേയം**

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

14-ാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 4.16-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)